"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - വയനാട് ജില്ലയിലെ വെത്തിരി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് KURDFC-യിൽ നിന്നും അഞ്ചു കോടി അഞ്ചു ലക്ഷം രൂപവായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1755/2025/LSGD തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. സ.ഉ(കൈ)നം.147/2009-ത.സ്വ.ഭ.വ തീയതി 29.07.2009 സർക്കാർ ഉത്തരവ്
2. KURDFC -മാനേജിംഗ് ഡയറക്ടറുടെ 23.03.2024 ലെ KURDFC/GP/540/2022 നമ്പർ കത്ത്
3. വൈത്തിരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30.01.2025 തീയതിയിലെ സാധാരണ/അടിയന്തര മീറ്റിംഗിലെ 4(1)/25-ാം നമ്പർ കമ്മിറ്റി തീരുമാനം
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.02.2025 ലെ LSGD/PD/4885/2025-CSSA4 നമ്പർ കത്ത്
5. വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.06.2025 ലെ സാക്ഷ്യപത്രം

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചു മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ DPR പ്രകാരമുള്ള അടങ്കൽ തുകയായ 5,62,00,000/- (അഞ്ചു കോടി അറുപത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപയിൽ പഞ്ചായത്തിന്റെ വിഹിതമായ 10% തുക കുറവ് ചെയ്ത് ബാക്കി 5,05,00,000/-രൂപ (അഞ്ചു കോടി അഞ്ചു ലക്ഷം രൂപ മാത്രം) KURDFC-യിൽ നിന്ന് വായ്പയായി സമാഹരിക്കുന്നതിന് സർക്കാർ അനുമതിക്കായി പരാമർശം (1) ൽ നിഷ്കർഷിക്കുന്ന അനുബന്ധ രേഖകൾ സഹിതം വൈത്തിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ശിപാർശ പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ബസ് സ്റ്റാൻഡ് - ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതിനാലും പരാമർശം (1) ൽ

നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള സമ്മതത്തിന്റെ അടിസ്ഥാനത്തിലും, മതിയായ തനത് ഫണ്ട് ലഭ്യമാണെന്നതിനാലും, നികുതി പിരിവിൽ കാര്യക്ഷമത പുലർത്തുന്നതിനാലും, വരുമാനദായക പദ്ധതിയായതിനാലും, വൈത്തിരി ഗ്രാമ പഞ്ചായത്തിന് വായ്പ നൽകുന്നതിന് KURDFC പരാമർശം (2) പ്രകാരം തയ്യാറാണെന്ന് അറിയിച്ചതിനാലും, കേരളത്തിലെ പ്രധാന വിനോദ സഞ്ചാര മേഖലയായ വയനാട് ജില്ലയിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമായ വൈത്തിരി ഗ്രാമപഞ്ചായത്തിന് പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി KURDFC യിൽ നിന്നും 5,05,00,000/-രൂപ (അഞ്ചു കോടി അഞ്ചു ലക്ഷം രൂപ മാത്രം) വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, വൈത്തിരി ഗ്രാമപഞ്ചായത്ത്,വയനാട് ജില്ല
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി1/103/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 16-07-2025 14:25:25
സെക്ഷൻ ഓഫീസർ